## തിരുവനന്തപുരം വനംവകുപ്പാസ്ഥാനത്തിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടി ഉത്തരവ്

പുറപ്പെടുവിക്കുന്നത് : ടെസ്സി.പി.ജോസ്

വിഷയം : വനം വകുപ്പ് - ജീവനക്കാര്യം - വനംവകുപ്പിൽ ക്ലാർക്ക് തസ്തികയിൽ ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് തസ്തികമാറ്റം വഴി നിയമനം നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

സൂചന :
1. സർക്കാർ ഉത്തരവ് (പി) നമ്പർ 1/2014 ഉ.ഭ.പ.വ. തീയതി 03.01.2014.
2. സർക്കാർ ഉത്തരവ് (പി) നമ്പർ 21/2014 ഉ.ഭ.പ.വ. തീയതി 19.07.2014.
3. സർക്കാർ ഉത്തരവ് (പി) നമ്പർ 16/2015 ഉ.ഭ.പ.വ. തീയതി 28.05.2015.
4. സർക്കാർ ഉത്തരവ് (പി) നമ്പർ 19/2014 ഉ.ഭ.പ.വ. തീയതി 20.06.2015
5. ഭരണവിഭാഗത്തിലെ 10.09.2015-ലെ ഇ2-1830/14 നമ്പർ ഉത്തരവ്.
6. സർക്കാർ കത്ത് നമ്പർ 13510/എഫ്2/15/വനം തീയതി 18.01.2016
7. ഈ ഓഫീസിലെ 29.01.2016, 05.09.2016, 09.05.2017 എന്നീ തീയതികളിലെ ഇതേ നമ്പർ ഉത്തരവുകൾ.

### ഉത്തരവ് നമ്പർ ഇ3-31989/14. തീയതി: 17.06.2017

സംസ്ഥാനത്തെ വിവിധ സർക്കാർ വകുപ്പുകളിൽ ക്ലാർക്ക് തസ്തികകളിൽ ഉണ്ടാകുന്ന ഒഴിവുകളുടെ 10% അതാത് വകുപ്പുകളിലെ ലാസ്റ്റ്ഗ്രേഡ് ജീവനക്കാർക്കും സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെട്ട ലോവർ ഡിവിഷൻ ക്ലാർക്ക് തസ്തികയുടെ ശമ്പളത്തേക്കാൾ താഴ്ന്ന ശമ്പളസ്കെയിലിലുള്ള താഴ്ന്ന വിഭാഗം ജീവനക്കാർക്ക് യോഗ്യതയുടേയും ആദ്യനിയമന തസ്തികയുടെ സീനിയോറിറ്റിയുടേയും അടിസ്ഥാനത്തിൽ അതാത് വകുപ്പിലെ ക്ലാർക്ക് തസ്തികയിലേയ്ക്ക് തസ്തികമാറ്റം വഴി നിയമനം നൽകിക്കൊണ്ടു സൂചന(1),(2) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. തസ്തികമാറ്റം വഴിയുള്ള നിമയനത്തിനായ് 10% ഒഴിവുകൾ ജില്ലാതലത്തിൽ കണ്ടെത്തുവാൻ പ്രസ്തുത ഉത്തരവ് വ്യക്തമാക്കുന്നു. ജില്ലാതലത്തിൽ 10% ക്ലാർക്ക് തസ്തികകളുടെ ഒഴിവുകൾ തസ്തികമാറ്റനിയമനത്തിനായ് മാറ്റിവയ്ക്കുവാൻ കഴിയാത്ത വകുപ്പുകളിൽ ക്ലാർക്ക് തസ്തികയുടെ സംസ്ഥാനതല അംഗബലം കണക്കാക്കി സംസ്ഥാനതലത്തിലുണ്ടാകുന്ന ആകെ ഒഴിവുകളുടെ 10%

തസ്തികമാറ്റനിയമനത്തിനായ് നീക്കിവെയ്ക്കാനും ഓരോ വകുപ്പിലേയും ക്ലാർക്ക് തസ്തികയുടെ സംസ്ഥാനതലത്തിലുള്ള അംഗബലത്തിന്റെ 10%-ൽ ഇപ്രകാരത്തിലുള്ള തസ്തികമാറ്റനിയമനം എത്തിച്ചേരുന്നത്വരെ തുടരുവാനും അനുമതി നൽകിക്കൊണ്ട് സൂചന (2), (4) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

വനംവകുപ്പിലെ സംസ്ഥാനതലത്തിലുള്ള ക്ലാർക്ക് തസ്തികയുടെ അംഗ ബലത്തിന്റെ 10% ഒഴിവുകളിലേയ്ക്ക് തസ്തികമാറ്റ നിയമനം വഴി ക്ലാർക്കായി നിയമനം ലഭിക്കുന്നതിന് അർഹരായ ജീവനക്കാരുടെ താത്ക്കാലിക സംയോജിത സംസ്ഥാനതല സെലക്ടഡ് ലിസ്റ്റ് പുറപ്പെടുവിച്ചുകൊണ്ടു സൂചന അഞ്ച് പ്രകാരം ഉത്തരവാകുകയും വനം വകുപ്പിൽ എല്ലാ ജില്ലകളിലും ക്ലാർക്കു തസ്തികകളുടെ 10% തസ്തികമാറ്റത്തിനായി നീക്കി വെയ്ക്കുവാൻ സാധിക്കാത്തതിനാൽ വകുപ്പിലെ ക്ലാർക്ക് തസ്തികയുടെ Cadre Strength സംസ്ഥാനതലത്തിൽ കണക്കാക്കി ആയതിന്റെ 10% തസ്തികമാറ്റ നിയമനത്തിനായ് നീക്കിവെയ്ക്കുവാൻ സൂചന ആറ് പ്രകാരം സർക്കാർ അനുമതി നൽകിയിട്ടുണ്ട്. സൂചന 1,2 സർക്കാർ ഉത്തരവുകളിൽ വ്യക്തമാക്കിയതു പ്രകാരം വനംവകുപ്പിൽ ക്ലാർക്കുമാരുടെ 444 തസ്തികകളാണ് നിലവിലുള്ളത്.

സൂചന ഒന്നിലെ ഉത്തരവ് തീയതിക്കുശേഷം വനംവകുപ്പിൽ 31.10.2015 വരെയുണ്ടായ ഒഴിവുകളുടെ അടിസ്ഥാനത്തിൽ ഒൻപത് ജീവനക്കാർക്ക് ജില്ലാതലത്തിൽ തസ്തികമാറ്റം വഴി നിയമനം നൽകുകയുട്ടുണ്ട്. തുടർന്ന് സൂചന അഞ്ച് പ്രകാരം സംസ്ഥാനത്തിൽ തയ്യാറാക്കിയ സെലക്ടഡ് ലിസ്റ്റ് പ്രകാരം ഒൻപത് ജീവനക്കാർക്കുകൂടി ക്ലാർക്ക് തസ്തികയിലേയക്ക് തസ്തികമാറ്റം വഴി നിയമനം നൽകുകയുണ്ടായി.

സൂചന അഞ്ചിലെ സംയോജിത സെലക്ടഡ് ലിസ്റ്റിലെ ക്രമനമ്പർ 9 ലെ ശ്രീ.എ.സൈനുലാബ്ദീൻ 30.04.2017 -ൽ സർവ്വീസിൽ നിന്നും വിരമിച്ചിട്ടുള്ളതാണ്. അതിലൂടെയുണ്ടായ ഒഴിവിലേയ്ക്കു പ്രസ്തുത ലിസ്റ്റിലെ അടുത്ത യോഗ്യതയുള്ള ജീവനക്കാരനായ ക്രമനമ്പർ17 ലെ ശ്രീ.ബിജു ജി ആണ് സ്ഥാനക്കയറ്റത്തിന് അർഹതയുള്ളതെന്ന് കാണുന്നു.

മുകളിൽ പറഞ്ഞത് പ്രകാരം സൂചന അഞ്ചിലെ സംയോജിത സെലക്ടഡ് ലിസ്റ്റിലെ അർഹതയുള്ള പുനലൂർ വനം ഡിവിഷൻ ഓഫീസിലെ ഓഫീസ് അറ്റൻഡന്റ് ശ്രീ.ബിജു.ജി.യെ 19000-43600 എന്ന ശമ്പളസ്കെയിലിൽ തസ്തികമാറ്റംവഴി നിയമനം നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

മുകളിൽ പേര് പരാമർശിച്ചിട്ടുള്ള ജീവനക്കാരൻ ഈ ഉത്തരവ് കൈപ്പറ്റി 15 ദിവസത്തിനകം വിദ്യാഭ്യാസയോഗ്യത തെളിയിക്കുന്ന അസ്സൽ രേഖകൾ സഹിതം വനം വകുപ്പാസ്ഥാനത്തിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ മുമ്പാകെ ജോലിക്കായി ഹാജരാകേണ്ടതാണ്. തുടർന്ന് നിയമനം നൽകുന്നതിന് ക്ലാർക്ക് തസ്തികയിൽ ഒഴിവ് നിലവിലുള്ള ഓഫീസിലേക്ക് നിയമന ഉത്തരവ് നൽകുന്നതാണ്.

ടെസ്സി.പി.ജോസ്
സീനിയർ അഡ്മിനിസ്ട്രേറ്റീവ്
ഓഫീസർ

ശ്രീ.ബിജു. ഓഫീസ് അറ്റൻഡന്റ്, പുനലൂർ ഡിവിഷൻ,
(പുനലൂർ ഡിവിഷണൽ
ഫോറസ്റ്റ് ഓഫീസർ മുഖാന്തിരം)

പകർപ്പ്:

1. ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, പുനലൂരിന് ഇരട്ടിപ്പിൽ നൽകുന്നു.
2. കൊല്ലം ദക്ഷിണമേഖല ചീഫ് ഫോറസ്റ്റ് കൺസർവേറ്റർക്ക് അറിവിലേക്ക്.
3. സ്റ്റോക്ക് ഫയൽ.